# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4090 25.06.2014-ലെ മറുപടിക്ക്

## പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ.എ.പി.അനിൽ കുമാർ (ബഹു. പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി ) |
| (എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; | (എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. |
| (ബി) മെഡിക്കൽ കോളേജിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നാളിതു വരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (ബി) പാലക്കാട് മെഡിക്കൽ കോളേജിന്റെ സ്പെഷ്യൽ ഓഫീസറായി ഡോ.എസ്.സുബ്ബയ്യ ഐ.എ.എസ് (റിട്ട) -നെ 29.06.2012-ലെ സ.ഉ. (സാധാ) നം. 924/12/പജപവവിവ ഉത്തരവിൻ പ്രകാരം നിയമിക്കുക യുണ്ടായി. ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസിന് വേണ്ടി അക്വയർ ചെയ്യുകയും ദീർഘകാലമായി ഉപയോഗിക്കാത്തതിനെ തുടർന്ന് തിരിച്ചെടുത്തതുമായ 77.8085 ഏക്കർ ഭൂമിയിൽ നിന്നും 50 ഏക്കർ ഭൂമിയുടെ മുൻകൂർ കൈവശാവകാശം മെഡിക്കൽ കോളേജ് സ്ഥാപിക്കു ന്നതിന് 23.02.2013-ലെ സ.ഉ (കൈ) നം.66/13/റവ പ്രകാരം |

പട്ടികജാതി വികസന വകുപ്പിന് നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം ഏകദേശം പൂർത്തിയായിട്ടുണ്ട്. ഇതിനോടകം 101.73 കോടി രൂപ മെഡിക്കൽ കോളേജിനായി അനുവദിച്ചിട്ടുണ്ട്. 2014 മെയ് 23,24 തീയതികളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിയോഗിച്ച ടീം മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമായാൽ 2014-15 -ൽ തന്നെ ക്ലാസ്സുകൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ